"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ ലാ ആഫീസറായിരുന്ന നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ.ഹരികുമാർ എ-ക്ക് (late) കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് 14.10.2020 മുതൽ 21.10.2020 വരെ നടത്തിയ ചികിത്സക്ക് ചെലവായ 17,953/- പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.54/2026/POWER തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. സ.ഉ.(കൈ.) നം. 122/2020/ധന. തീയതി 23.11.2020.
2. ശ്രീ.ഹരികുമാർ എ-യുടെ 28.10.2020-ലെ അപേക്ഷ.
3. 24.09.2022 തീയതിയിലെ 82/2022/ധന. നമ്പർ പരിപത്രം.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 23.11.2020, 01.08.2022 തീയതികളിലെ എ2-20162/2020/സി.ഇ.ഐ. നമ്പർ കത്തുകൾ.
5. ജില്ലാ മെഡിക്കൽ ഓഫീസറുടെ 31.05.2022 തീയതിയിലെ C3-12582/2022/DMO(H) നമ്പർ കത്ത്.
6. സ.ഉ.(അ) നം.100/2024/ധന. തീയതി 22.11.2024.
7. സ.ഉ.(അ) നം. 120/2025/ധന. തീയതി 03.10.2025.

**ഉത്തരവ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ലാ ആഫീസറായിരുന്ന നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ.ഹരി കുമാർ എ-യുടെ (late) കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് 14.10.2020 മുതൽ 21.10.2020 വരെ നടത്തിയ ചികിത്സക്ക് ചെലവായ 1,14,100/- രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2. പ്രകാരം ടിയാൻ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി പരാമർശം 4. പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ലാ ആഫീസറായിരുന്ന നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ.ഹരി കുമാർ എ-യുടെ (late) കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് 14.10.2020 മുതൽ 21.10.2020 വരെ നടത്തിയ ചികിത്സക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം 5. പ്രകാരം അനുവദനീയത അറിയിച്ച 22,441/- രൂപയുടെ 80% തുകയായ 17,953/- രൂപ (പതിനേഴായിരത്തി തൊള്ളായിരത്തി അമ്പത്തി മൂന്ന് രൂപ മാത്രം) ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി

കാണുന്ന പക്ഷം അപേക്ഷകൻ പ്രസ്തുത തുക തിരിച്ചടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHNA KUMARI S L
അണ്ടർ സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീമതി.ഗോപിക ജി.ജെ, W/o.ഹരി കുമാർ എ(late), ഗോകുലം, കാവുവിള, പോത്തൻകോട് പി.ഒ.
(ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (16.07.2021 തീയതിയിലെ ജി2/510/2021/ആ.കു.വ.)
ധനകാര്യ (ലോൺസ്) വകുപ്പ് (08.01.2026 തീയതിയിലെ 1949885/Loans-L1/488/2021-FIN)
നിയമ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Manoj S**
**Date: 19-03-2026 12:46:27**
സെക്ഷൻ ഓഫീസർ